"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്- മാനസിക രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ കെയർ ഹോമുകൾക്ക് സൈക്കോസോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് എന്ന പദ്ധതി പ്രകാരം ഗ്രാൻറ് അനുവദിക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് സമഗ്രഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.145/2025/SJD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. 21.11.2012-ലെ സ. ഉ. (സാധാ) നമ്പർ. 511/2012/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. 02.06.2024-ലെ സ. ഉ. (സാധാ) നമ്പർ. 113/2024/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
3. 27.01.2025-ലെ സ. ഉ. (സാധാ) നമ്പർ. 23/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
4. 05.02.2025-ലെ സ. ഉ. (സാധാ) നമ്പർ. 33/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.03.2025-ലെ എസ്.ജെ.ഡി/1329/2025-ഡി.4 നമ്പർ കത്തും, 05.05.2025-ലെ എസ്.ജെ.ഡി/646/2025-പി.സി.2 നമ്പർ കത്തും.
6. ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പിന്റെ 03.04.2025-ലെ 31/2025/ധന നമ്പർ പരിപത്രം

**<u>ഉത്തരവ്</u>**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-101-73-പ്ലാൻ ശീർഷകത്തിൽ "എൻ.ജി.ഒ-കൾ, എൽ.എസ്. ജി.-കൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി സമഗ്ര പദ്ധതികൾ" എന്ന പദ്ധതിയ്ക്കായി 11,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. 2024-2025 സാമ്പത്തിക വർഷത്തെ മേൽപറഞ്ഞ ശീർഷകത്തിൽ നിന്ന് 5,00,00,000/- രൂപ മാനസികരോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കെയർ ഹോമുകളുടെ നടത്തിപ്പിനായി സാമൂഹ്യനീതി

വകുപ്പിൽ നിന്ന് അനുവദിക്കുന്ന സൈക്കോസോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് എന്ന പദ്ധതിക്കായി ചെലവഴിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 2, 3, 4 എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. മേൽ പദ്ധതിയുടെ തുടർനടത്തിപ്പിനായി 2025-2026 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ നിന്ന് 5,00,00,000/- രൂപ വിനിയോഗിക്കുന്നതിന് സമഗ്രഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 5-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരാമർശം-6 പരിപത്രത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ 2235-02-101-73-പ്ലാൻ ശീർഷകത്തിൽ "എൻ.ജി.ഒ-കൾ, എൽ.എസ്. ജി.-കൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി സമഗ്ര പദ്ധതികൾ" എന്ന പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിന് വകയിരുത്തിയിട്ടുള്ള 11,00,00,000/- രൂപയിൽനിന്ന് 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) മാനസിക രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സൈക്കോസോഷ്യൽ റീഹബിലിറ്റേഷൻ കെയർ ഹോമുകൾക്ക്, പദ്ധതി മാർഗ്ഗരേഖ പ്രകാരം അവരുടെ അർഹതയ്ക്കനുസരിച്ച്, ഗ്രാന്റ് അനുവദിക്കുന്നതിനായി ചെലവഴിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),
കേരളം. തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ് / പ്ലാനിംഗ്. ബി) വകുപ്പ്
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ),
പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 12-06-2025 10:49:52
സെക്ഷൻ ഓഫീസർ